# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:977      05.03.2018-ൽ മറുപടിക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉൾപ്പെടെ നൽകുന്ന കേന്ദ്രസഹായത്തിൽ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | എ) യും ബി) യും | 2017 18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര വിഹിതത്തിൽ 202.05 കോടി രൂപ (ഇരുന്നൂറ്റി രണ്ട് കോടി അഞ്ച് ലക്ഷം രൂപ) യുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. എസ്.എസ്.എ.യ്ക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് കത്തുകൾ നൽകുകയും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടത്തുന്ന റിവ്യൂ മീറ്റിങ്ങുകളിൽ ഈ വിഷയം ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുനസ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു: മുഖ്യമന്ത്രി കേന്ദ്ര മാനവ വിഭവശേഷി മന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്. |
| ബി) അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്ര ഫണ്ട് വെട്ടി കുറച്ചതുമൂലം ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ